പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 29/06/2016 ൽ

നിയമസഭാ ചോദ്യം നമ്പർ 40 — മറുപടിക്ക്

## ട്രാവൻകൂർ ടൈറ്റാനിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ജോയി;<br>ശ്രീമതി. പി.അയിഷാപോറ്റി ;<br>ശ്രീ. എം.മുകേഷ്; | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| എ) | ട്രാവൻകൂർ ടൈറ്റാനിയം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | സ്ഥാപനത്തിനുവേണ്ട അസംസ്കൃതവസ്തു ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; നിലവാരം കുറഞ്ഞ അസംസ്കൃതവസ്തുക്കൾ ഇറക്കുമതി ചെയ്ത് ഉല്പന്നങ്ങളുടെ നിലവാരം തകർക്കുന്നത് മൂലം വിപണിയിൽ നിന്നും സ്ഥാപനത്തിന്റെ ഉല്പന്നങ്ങൾ പുറത്താകാനിടയുണ്ടെന്നുള്ളതു പരിഗണിച്ച്, ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഐ.ആർ.ഇയിൽ നിന്നും ചില സ്വകാര്യ ഏജൻസികളിൽ നിന്നുമാണ് കമ്പനി കരിമണൽ വാങ്ങിയിരുന്നത്.<br><br>മറ്റു സ്രോതസ്സുകളിൽനിന്നുമുള്ള കരിമണൽ ഉപയോഗിച്ച് ഉൽപാദിപ്പിച്ച ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റിന്റെ ഗുണനിലവാരത്തെക്കുറിച്ച് ചില പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അടിയന്തിരമായും അന്വേഷണം നടത്തി ഉചിതമായ തീരുമാനങ്ങൾ എടുക്കും. |
| സി) | സ്ഥാപനത്തിൽ നടക്കുന്നതായി ആക്ഷേപിക്കപ്പെടുന്ന അഴിമതിയെക്കുറിച്ച് സമഗ്രാന്വേഷണം നടത്താൻ തയ്യാറാകുമോ? | സി) | സ്ഥാപനത്തിലെ അഴിമതി സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ